"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ തത്രംകാവിൽകുന്ന് ഡി.പി. എയ്ഡഡ് യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി സിന്ധു പി.ബി. ഫയൽ ചെയ്ത WP(C)No. 35762/2022-ന്മേൽ ബഹു.മാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 07.11.2024 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4206/2025/GEDN തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No. 35762/2022 ന്മേലുള്ള 07.11.2024 തീയതി വിധിന്യായം.
2. ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2025 തീയതിയിലെ AEOCPL/47/2025-C നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24/01/2025 തീയതിയിലെ ആർ7/20349/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തത്രംകാവിൽകുന്ന് ഡി.പി. എയ്ഡഡ് യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി സിന്ധു പി.ബി. ഫയൽ ചെയ്ത WP(C)No. 35762/2022-ന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായത്തിൽ EXT P9 (Order No. R7/7629/2022/DGE dated 29.07.2022 of the DGE) റദ്ദ് ചെയ്യുകയും, ഹർജിക്കാരിയെ കേട്ടശേഷം, ടിയാൾ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലിചെയ്ത കാലയളവ് കണക്കാക്കി ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ഹർജിക്കാരിയുടെയും ബന്ധപ്പെട്ട കക്ഷികളുടെയും വാദം 25.01.2025-ൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖാന്തിരം നേരിൽ കേട്ടു.

2. 02.07.2001-ൽ യു.പി.എസ്.ടി. ആയി സ്ഥിരം നിയമനം ലഭിച്ച ഹർജിക്കാരിക്ക് 15.07.2004-ൽ തസ്തിക നഷ്ടപ്പെട്ട് പുറത്തു പോകേണ്ടി വന്നതിനെ തുടർന്ന് 22.06.2012 മുതൽ 26.08.2014 വരെ എസ്.എസ്.എ.യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി തുടർന്ന കാലയളവുകൂടി ഉൾപ്പെടുത്തി 27.12.2016-ന് 8 വർഷത്തെ ഗ്രേഡ് അനുവദിക്കണമെന്നതാണ് ടിയാളുടെ ആവശ്യം.

3. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ഹർജിക്കാരിക്ക് 12.07.2000 മുതൽ 23.11.2000 വരെ യു.പി.എസ്.ടി. തസ്തികയിൽ അവധി ഒഴിവിൽ അംഗീകൃത ഭംഗസേവനം ഉണ്ട്. 02.07.2001-ൽ യു.പി.എസ്.ടി. തസ്തികയിൽ സ്ഥിരം നിയമനം ലഭിച്ചു. 15.07.2004-ൽ തസ്തികനഷ്ടംമൂലം സർവീസിൽ നിന്നും പുറത്തായി. ടീച്ചേഴ്സ് പാക്കേജിന്റെ ഭാഗമായി 22.06.2012 മുതൽ 26.08.2014 വരെ എസ്.എസ്.എ.യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി നിയമനം നൽകി. 2014-15-ലെ തസ്തിക നിർണയത്തിൽ 27.08.2014 മുതൽ മാതൃവിദ്യാലയത്തിൽ പുനർനിയമനം നൽകി. G.O.(P)No. 199/2011/GEDN dated 01.11.2011 പ്രകാരം ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെട്ട് ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിതരായവർക്ക് G.O.(Ms)No.177/2012/GEDN dated 05.06.2012 പ്രകാരം ഇൻക്രിമെന്റ് ബന്ധപ്പെട്ട ശമ്പളസ്കെയിലിന്റെ തുടക്കത്തിൽ മാത്രമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ടിയാൾക്ക് 01.06.2013-ലും 01.06.2014-ലും ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. G.O.(Ms)No.119/2018/GEDN dated 23.08.2018 പ്രകാരം ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ റിട്രെഞ്ച് ചെയ്യപ്പെടുന്നതിന് മുമ്പുള്ള സർവീസ് കൂടി പരിഗണിച്ച് 29.01.2016 മുതൽ ചട്ടപ്രകാരമുള്ള സേവന വേതന ആനുകൂല്യങ്ങൾ നൽകുന്നതിനും റിട്രെഞ്ച് ചെയ്യപ്പെട്ട തീയതി മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലിയിൽ പ്രവേശിക്കുന്നതു വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി റെഗുലറൈസ് ചെയ്യുവാനും, സി.ആർ.സി. ആയി ചുമതലയേറ്റ തീയതി മുതൽ 28.01.2016 വരെയുള്ള കാലയളവ് സേവനഭംഗം ഒഴിവാക്കുന്നതിനായി നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സർക്കുലർ നമ്പർ ജെ2/48/2018/GEDN dated 24.10.2018 പ്രകാരം ശൂന്യവേതനാവധിയായി ക്രമപ്പെടുത്തുന്ന കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കില്ലായെന്നും നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന കാലയളവിലും എസ്.എസ്.എ.യിൽ നിന്നും കൈപ്പറ്റിയ പ്രതിഫലം ഒഴികെ യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും സ്പഷ്ടീകരണം നൽകിയിരുന്നു. ടി സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ടിയാൾ 15.07.2004 മുതൽ 21.06.2012 വരെ സർവീസിൽ നിന്നും പുറത്തുനിന്ന് കാലയളവ്, 22.06.2012 മുതൽ 26.08.2014 വരെ സി.ആർ.സി. ആയി ജോലിചെയ്ത് നോൺ ഡ്യൂട്ടിയായി പരിഗണിച്ച കാലയളവ് എന്നിവ ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ ഉൾപ്പെടെയുള്ള യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുവാൻ സാധിക്കില്ല.

ടി സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ടിയാളുടെ അപേക്ഷ നിരസിച്ചുകൊണ്ട്, 27.07.2022-ൽ പുറപ്പെടുവിച്ച R7/7629/2022/DGE നമ്പർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ നിന്നും 2012 മുതൽ 2016 വരെയുള്ള കാലയളവിൽ എസ്.എസ്.എ.യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവർക്ക് ടി കാലയളവ് എല്ലാത്തരം അവധികൾക്കും സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത WP(C)No. 2440/2021-ന്മേലും മറ്റ് അനുബന്ധ റിട്ട് ഹർജികളിന്മേലും ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 05.06.2024-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ടി വിഷയം പരിശോധിക്കുകയും 09.01.2025-ലെ G.O.(Ms)No.7/2025/GEDN പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു :

para 8 : …….. ആകയാൽ പരാമർശം (2) ഉത്തരവ് പ്രകാരം ടീച്ചേർസ് ബാങ്കിൽ ഉൾപെടുത്തികൊണ്ടു 28.01.2016 വരെയുള്ള കാലഘട്ടത്തിൽ സർവശിക്ഷാ അഭിയാന്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ട ഹർജിക്കാരുൾപ്പെടെയുള്ള അദ്ധ്യാപകർക്ക് മേൽ കാലയളവിൽ സംരക്ഷണ ആനുകൂല്യത്തിന് അർഹത ഇല്ല എന്ന് വീണ്ടും വ്യക്തത വരുത്തുന്നു. പരാമർശം (6)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ മേൽ അധ്യാപകർക്ക് സംരക്ഷണ ആനുകൂല്യത്തിന് അർഹതയുണ്ടാവുകയുള്ളു.

para 9 : …….. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടിൽ നിന്നുമല്ലാതെ മറ്റു ശീർഷകങ്ങളിൽനിന്നും ശമ്പളസ്കെയിലിലല്ലാതെ ശമ്പളം കൈപ്പറ്റുന്ന അധ്യാപകരുടെ സർവീസ്, പെൻഷന് കണക്കാക്കുവാൻ സാധിക്കുകയില്ല. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് ശമ്പളസ്കെയിലിൽ വകുപ്പിൽ നിന്നും ശമ്പളം അനുവദിക്കാത്തതിനാൽ കെ.എസ്.ആർ. ചട്ടം 33(1) പ്രകാരം ഇൻക്രിമെന്റിന് അർഹതയില്ല. അപ്രകാരം ഇൻക്രിമെന്റിനു അർഹത നേടണമെങ്കിൽ കെ.എസ്.ആർ. പാർട്ട് 1 ചട്ടം 12(35) "time scale" കെ.എസ്.ആർ. പാർട്ട് 1 ചട്ടം 12(7)- ലെ "duty" എന്നിവയിലെ നിർവചനങ്ങളിൽ ഉൾപെടണം. റഗുലർ അധ്യാപകർക്ക് ലഭിക്കുന്നതുപോലെ എല്ലാ സേവനാനുകൂല്യങ്ങൾക്കും ടിയാളുകൾ യോഗ്യരാകാത്തതു കൊണ്ടാണ് സംസ്ഥാന ഹെഡിൽ നിന്നും ശമ്പളം നൽകാതെ പകരം സർവ്വശിക്ഷാ അഭിയാനിൽ നിന്നും പ്രതിഫലമായി അടിസ്ഥാനശമ്പളത്തിന് തുല്യമായ തുക മാത്രം മറ്റ് ആനുകൂല്യങ്ങളൊന്നുമില്ലാതെ നൽകിയത്. ആകയാൽ പരാമർശം (2) ഉത്തരവ് പ്രകാരം ടീച്ചേർസ് ബാങ്കിൽ ഉൾപെടുത്തികൊണ്ടു 28.01.2016 വരെയുള്ള കാലഘട്ടത്തിൽ സർവശിക്ഷാ അഭിയാന്റെ കീഴിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപെട്ട അധ്യാപകരുടെ സർവീസ് കാലയളവ് സംസ്ഥാനത്തെ റെഗുലർ അധ്യാപകർക്ക് അനുവദിച്ചിട്ടുള്ള സർവീസ്, പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കാൻ സാധിക്കുകയില്ല എന്നും വ്യക്തത വരുത്തുന്നു.

para 10 : …….. സേവനഭംഗം വന്ന കാലയളവ് നോൺ ഡ്യൂട്ടിയായി കണക്കാക്കുന്നതിന് പരാമർശം 7 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സേവനഭംഗം വരുന്നതിന് മുൻപുള്ള അവരുടെ മുൻകാല സർവ്വീസ്, 29.1.2016 മുതൽ സംരക്ഷണം അനുവദിച്ചതിനാൽ അതിനോട് ചേർത്ത് പെൻഷന് കണക്കാക്കുന്നതിനായി ക്രമീകരിക്കുന്നതിനായാണ്. എന്നാൽ ടി ഉത്തരവ് ബഹു. കോടതി റദ്ദ് ചെയ്തതിനാൽ തസ്തികനഷ്ടം വരുന്നതിനു മുൻപുള്ള സർവ്വീസ് പരിഗണിക്കുന്നതിന് റിട്രെഞ്ച് ചെയ്യപ്പെട്ട തീയതി മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ചുമതലയേൽക്കുന്നത് വരെയുള്ള കാലയളവും, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി ചുമതലയേറ്റ തീയതി മുതൽ 28/01/2016-വരെയുള്ള കാലയളവും, സേവനഭംഗം ഒഴിവാക്കുന്നതിനായി, നോൺ ഡ്യൂട്ടിയായി കണക്കാക്കേണ്ടതാണ്. ഇതിനോടകം മുൻകാല ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധിയായോ നോൺ ഡ്യൂട്ടിയായോ ക്രമീകരിച്ചു കഴിഞ്ഞ കേസുകൾ പുന:പരിശോധിക്കേണ്ടതില്ല. എന്നാൽ അനർഹമായി ഇക്കാലയളവ് പരിഗണിച്ച് ആർക്കെങ്കിലും തെറ്റായി ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈ ഉത്തരവിനനുസൃതമായി തിരിച്ചുപിടിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ, തത്രംകാവിൽകുന്ന് ഡി.പി. എയ്ഡഡ് യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി സിന്ധു പി.ബി. ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലി ചെയ്ത 22.06.2012 മുതൽ 26.08.2014 വരെയുള്ള കാലയളവ് ഹയർ ഗ്രേഡിനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കണമെന്ന ആവശ്യം നിരസിച്ച്, ടിയാൾ ഫയൽ ചെയ്ത WP(C)No. 35762/2022 മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്ലശ്ശേരി, പാലക്കാട് ജില്ല.
മാനേജർ, ഡി.പി. എയ്ഡഡ് യു.പി. സ്കൂൾ, തത്രംകാവിൽകുന്ന്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, ഡി.പി. എയ്ഡഡ് യു.പി. സ്കൂൾ, തത്രംകാവിൽകുന്ന്, പാലക്കാട്.
ശ്രീമതി സിന്ധു പി.ബി., അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക, ഡി.പി. എയ്ഡഡ് യു.പി. സ്കൂൾ, തത്രംകാവിൽകുന്ന്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 26-06-2025 11:29:26

സെക്ഷൻ ഓഫീസർ